☎: General: 0471- 2312910, 2318153, 2318154, 2318155 Chairperson: 2318150 Member Secretary: 2318151
e-mail: chn.kspcb@gov.in; ms.kspcb@gov.in FAX: 2318152 web: kspcb.kerala.gov.in

KERALA STATE POLLUTION CONTROL BOARD

കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്

Pattom P.O., Thiruvananthapuram – 695 004

പട്ടം പി.ഒ., തിരുവനന്തപുരം - 695 004

കെഎസ്പിസിബി/1568/2024-എസ്ഇഇ-1 തീയതി: 11/09/2026

സർക്കുലർ

വിഷയം:- പന്നി ഫാമുകൾ ഒഴികെയുള്ള ലൈവ് സ്റ്റോക്ക് ഫാമുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച ദൂരപരിധി

സൂചന:- 1) 31/08/2016 ലെ പിസിബി/റ്റി4/115/1997(2) നമ്പർ സർക്കുലർ

2) 28 ജൂലൈ 2024 - ലെ സ.ഉ. (അ)നമ്പർ 40/2024/തസ്വഭവ. എന്ന നമ്പർ വിജ്ഞാപന പ്രകാരം പുറപ്പെടുവിച്ച 2024 - ലെ കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ

3) കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ (PCB) 12/02/2025 തീയതിയിലെ ജല, വായു നിയമത്തിലെ സെക്ഷൻ 18(1)(6) പ്രകാരമുള്ള Directions

സൂചന 1 പ്രകാരം ബോർഡ്, പന്നി ഫാമുകൾ ഒഴികെയുള്ള ലൈവ് സ്റ്റോക്ക് ഫാമുകളെ, 2012 - ലെ കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ അടിസ്ഥാനപ്പെടുത്തി വിവിധ ക്ലാസുകളായി തരംതിരിച്ച്, ദൂരപരിധി മാനദണ്ഡങ്ങൾ തീരുമാനിക്കുകയുണ്ടായി.

2024 ലെ കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങളിൽ (സൂചന (2)) മേൽപറഞ്ഞ തരംതിരിവ് ഭേദഗതി ചെയ്തിട്ടുണ്ട്. സൂചന (3) പ്രകാരമുള്ള CPCB Direction - ൽ 15 മൃഗങ്ങളിൽ കൂടുതലുള്ള Dairy Farm ആണ് കാറ്റഗറൈസ് ചെയ്യപ്പെട്ടിട്ടുള്ളത്. ഈസ് ഓഫ് ഡൂയിങ് ബിസിനസ് നയം പ്രകാരം വിവിധ അനുമതികൾക്കുള്ള മാനദണ്ഡങ്ങളിൽ ഏകീകരണം കൊണ്ടുവരേണ്ടതുണ്ട്. ആയതിനാൽ ഫാമുകളെ കൺസെന്റ് പരിധിയിൽ കൊണ്ടുവരേണ്ടതിനുള്ള മൃഗങ്ങളുടെയോ പക്ഷികളുടെയോ ചുരുങ്ങിയ എണ്ണങ്ങളും സ്ഥാപിക്കാനുള്ള ദൂരപരിധി മാനദണ്ഡങ്ങളും താഴെ പറയുന്ന പട്ടിക പ്രകാരം ഭേദഗതി ചെയ്യുന്നു. ഈ സർക്കുലർ തീയതി മുതൽ ലഭിക്കുന്ന കൺസെന്റ് അപേക്ഷകൾ ഭേദഗതി ചെയ്ത പട്ടിക പ്രകാരം പരിഗണിക്കേണ്ടതാണ്.

ക്രമ നം.	കന്നുകാലികൾ (എണ്ണം)	ആടുകൾ (എണ്ണം)	മുയലുകൾ (എണ്ണം)	പൗൾട്രി (കോഴികൾ/ താറാവുകൾ മുതലായവ) (എണ്ണം)	വീടുകളിലേയ്ക്കും സ്ഥാപനങ്ങളിലേയ്ക്കുമുള്ള കുറഞ്ഞ ദൂരപരിധി
1.	15-20	-	-	-	10 മീറ്റർ
2.	21-200	51-500	51-400	501-5000	25 മീറ്റർ
3.	200 - ൽ കൂടുതൽ	500 - ൽ കൂടുതൽ	400 - ൽ കൂടുതൽ	5000 - ൽ കൂടുതൽ	50 മീറ്റർ

മേൽപ്പറഞ്ഞ ലൈവ് സ്റ്റോക്ക് ഫാമുകൾക്കെല്ലാം കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരമുള്ള കുറഞ്ഞ സെറ്റ്ബാക്ക് ഉണ്ടാകുന്നത് അഭികാമ്യമാണ്.

ചെയർപേഴ്സൺ

പകർപ്പ്:

1. എല്ലാ മേഖലാ/ജില്ലാ ഓഫീസ് മേധാവികൾക്കും
2. ഹെഡ് ഓഫീസിലെ എല്ലാ ടെക്നിക്കൽ ഓഫീസർമാർക്കും
3. ഐറ്റി സെൽ (വെബ്സൈറ്റിൽ അപ്ലോഡ് ചെയ്യുന്നതിനായി)
4. **CA to Chairperson, Member Secretary, CEE HO**